# ഇലക്ഷൻ (അക്കൗണ്ട്സ്) വകുപ്പ്

നം. 1547/ഇ.എ.2/2011/ഇലക്. തിരുവനന്തപുരം,
20.03.2011

ചീഫ് ഇലക്ട്രറൽ ഓഫീസർ

എല്ലാ ജില്ലാ കളക്ടർമാർക്കും

സർ,

വിഷയം: ഇലക്ഷൻ തെരഞ്ഞെടുപ്പ് ജോലിക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് പ്രതിഫലം നൽകുന്നത് - സംബന്ധിച്ച്

സൂചന: 1. സ.ഉ. (സാ) നം.168/09/ഇലക് തീയതി 04/04/09
2. 13.04.09 ലെ 757/ഇ.എൽ.2/09 ാം നമ്പർ കത്ത്
3. 04.06.09 ലെ 4615/ഇ.എ.2/09 ാം നമ്പർ കത്ത്

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. തെരഞ്ഞെടുപ്പ് സംബന്ധിച്ച ജോലിക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും പ്രതിഫലം സംബന്ധിച്ച് ഇലക്ഷൻ കമ്മീഷന്റെ നിർദ്ദേശ പ്രകാരം 2009 ലെ ലോകസഭ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സൂചന (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള വിവിധ ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കും തെരഞ്ഞെടുപ്പ് പ്രതിഫലം സംബന്ധിച്ച നിരക്കുകൾ താഴെ കാണിച്ചിരിക്കുന്ന പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളവ തന്നെയായിരിക്കും നിയമസഭ തെരഞ്ഞെടുപ്പ് 2011 ലും നൽകേണ്ടത്.

| ക്രമ നം. | ജീവനക്കാർ/ഉദ്യോഗസ്ഥർ | പ്രതിഫല നിരക്ക് | ഭക്ഷണ ചെലവ് |
|---|---|---|---|
| 1 | പ്രിസൈഡിംഗ് ഓഫീസർ/ കൗണ്ടിംഗ് സൂപ്പർവൈസർ | 250 രൂപ (ഒരു ദിവസത്തേയ്ക്ക്) | 100 രൂപ (ഒരു ദിവസത്തേയ്ക്ക്) |
| 2 | പോളിംഗ് ഓഫീസർ/കൗണ്ടിംഗ് അസിസ്റ്റന്റ് | 175 രൂപ (ഒരു ദിവസത്തേയ്ക്ക്) | 100 രൂപ (ഒരു ദിവസത്തേയ്ക്ക്) |
| 3 | ക്ലാസ്സ് IV വിഭാഗം | 100 രൂപ (ഒരു ദിവസത്തേയ്ക്ക് ) | 100 രൂപ (ഒരു ദിവസത്തേയ്ക്ക്) |
| 4 | തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥന്മാർ (മൊബൈൽ പാർട്ടി/ ഹോം ഗാർഡ്/എൻസി,സി./ എക്സ് ആർമി/ സി.പി.എഫ്. | | ഭക്ഷണ പായ്ക്കറ്റ് അല്ലെങ്കിൽ അതിനുള്ള തുകയായ 100 രൂപ |

താഴെപ്പറയുന്ന ഉദ്യോഗസ്ഥർക്ക് 2009 ലെ ലോകസഭ തെരഞ്ഞെടുപ്പ് വേളയിൽ സൂചന (2) ലെ കത്ത് പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കുകൾ തന്നെ 2011 ലെ നിയമസഭ തെരഞ്ഞെടുപ്പിലും തുടരാവുന്നതാണ്.

1. മൈക്രോ ഒബ്സർവർമാർക്ക് പ്രതിദിനം 250 രൂപ വീതം പ്രതിഫലവും 100 രൂപ പ്രതിദിന ഭക്ഷണച്ചെലവും നൽകേണ്ടതാണ്.
2. സെക്റ്ററൽ ഓഫീസർക്കും സോണൽ മജിസ്ട്രേറ്റിനും സെക്റ്ററൽ അസിസ്റ്റന്റിനും പരമാവധി 20 ദിവസത്തേയ്ക്ക് പ്രതിദിനം 100 രൂപ വീതം ഭക്ഷണ ചെലവിനത്തിൽ നൽകേണ്ടതാണ്.
3. സ്ട്രോംഗ് റൂം ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന ഫയർ ഫോഴ്സ് ജീവനക്കാർക്ക് പരമാവധി 30 ദിവസത്തേയ്ക്ക് ഭക്ഷണ ചെലവായ 100 രൂപ (പ്രതിദിനം) നൽകേണ്ടതാണ്.

2011 ലെ നിയമസഭ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് നിയോഗിച്ചിട്ടുള്ള വിഭാഗങ്ങളിലെ താഴെപ്പറയുന്ന ജീവനക്കാർക്കും ടീമംഗങ്ങൾക്കും പ്രതിദിനം 100 രൂപ ഭക്ഷണ ചെലവിനത്തിൽ നൽകാവുന്നതാണ്.

1. ജില്ലാതല എക്സ്പെൻഡിച്ചർ നോഡൽ ഓഫീസർ
2. അസിസ്റ്റന്റ് എക്സ്പെൻഡിച്ചർ ഒബ്സർവർ
3. ഒബ്സർവർമാരുടെ ലെയ്സോൺ ഓഫീസർമാർ
4. അക്കൗണ്ടിംഗ് ടീം
5. വീഡിയോ സർവീലൻസ് ടീം (Video Surveillance Team)
6. വീഡിയോ വ്യൂവിംഗ് ടീം (Video Viewing Team)
7. ഫ്ളൈയിംഗ് സ്ക്വാഡ്/സ്റ്റാറ്റിക് സർവീലൻസ് ടീം
8. ജില്ലാതല കോൾ സെന്ററിലെ ജീവനക്കാർ
9. ക്ഷേമ ഉദ്യോഗസ്ഥന്മാർ അവരുടെ സഹായികൾ (Welfare Officers/Supporting Staff)
10. ഡീഫെയ്സ്മെന്റ് സ്ക്വാഡ്
11. മാതൃക പെരുമാറ്റ ചട്ട സംഘങ്ങൾ (MCC Team)

മേൽപ്പറഞ്ഞ വിഭാഗങ്ങളുടേയും സെക്ടറൽ ഓഫീസർ/സോണൽ മജിസ്ട്രേറ്റ്/സെക്ടറൽ അസിസ്റ്റന്റ് എന്നിവരുടെയും പ്രതിഫലം സംബന്ധിച്ച കാര്യങ്ങളിന്മേൽ തീരുമാനം പിന്നീട് അറിയിക്കുന്നതാണ്.

വിശ്വസ്തതയോടെ,

**എസ്. ശിശുപാലൻ,**
ജോയിന്റ് സി.ഇ.ഒ.& ജോയിന്റ് സെക്രട്ടറി, ഗവൺമെന്റ്

അംഗീകാരത്തോടെ

A. Chandran

സെക്ഷൻ ഓഫീസർ

പകർപ്പ്:
ചീഫ് ഇലക്ടറൽ ഓഫീസറുടെ സി.എ.
അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസറുടെ സി.എ.
ജോയിന്റ് ചീഫ് ഇലക്ടറൽ ഓഫീസറുടെ സി.എ.
ഇലക്ഷൻ (ജനറൽ)/എക്യുപ്മെന്റ്) വകുപ്പ്
കമ്പ്യൂട്ടർ റൂം